# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം – 1441 20.01.2014 ൽ മറുപടിക്ക്

## ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡ് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റ്റി. വി. രാജേഷ്** | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 3 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ ; | (എ) എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡിന്റെ കൾവർട്ടുകളുടേയും ഡ്രെയിനേജിന്റേയും പ്രവൃത്തി 80% പൂർത്തീകരിച്ചിട്ടുണ്ട്. ബിറ്റു മിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ ചെയ്യുന്നതിനാവശ്യമായ മെറ്റൽ 80%ത്തോളം സംഭരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത റോഡിന്റെ രണ്ടാംഭാഗം (5/400 മുതൽ 10 കി.മീ) വരെ മെക്കാഡം ടാറിംഗ് ചെയ്യുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡിന്റെ രണ്ടാംഭാഗം (5/400 മുതൽ 10/000 വരെ) മെക്കാഡം ടാറിംഗ് ചെയ്യുന്നതിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള 335 ലക്ഷം രൂപയുടെ ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ